# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

## 20.02.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30-ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു..

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി അവലോകനം

.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പുസാമ്പത്തിക വർഷം ഇതുവരെ ഏകദേശം 1200 കോടി രൂപ ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇത് ഏകദേശം 35% വരുന്നുണ്ട്.

2.2 പൊതു വിഷയങ്ങൾ അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.6766/ഡി.എ2/13/തസ്വഭവ)**

കിടാരി, കാളക്കുട്ടി, പോത്തുകുട്ടി എന്നിവയെക്കൂടി സബ്സിഡി മാർഗരേഖയിലെ നിർവചനത്തിൽ ഉൾപ്പെടുത്തി മാർഗരേഖ പരിഷ്ക്കരിക്കാൻ 23.01.2013-ലെ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത് നടപ്പിലാകുന്ന മുറയ്ക്ക് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം സാധ്യമാകുന്നതാണ്. അതിനാൽ പ്രത്യേക നടപടി ആവശ്യമില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.6549/ഡി.ഡി.2/13/തസ്വഭവ)**

മെയിന്റനൻസ് ആവശ്യമില്ലെന്ന് പല സ്ഥാപനങ്ങളും അറിയിച്ച സാഹചര്യത്തിൽ 2012-13-ലെ റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ മിച്ചമുണ്ടായിരുന്ന തുക ട്രഷറിയിൽ തിരിച്ചടച്ച നടപടിക്ക് സാധൂകരണം നൽകാനും മെയിന്റനൻസ് ഗ്രാന്റ് ഇനം പുനഃക്രമീകരിച്ചു നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കാസറഗോഡ് ജില്ലാ കളക്ടറുടെ കത്ത് (ഫയൽ നം.8108/ഡി.എ 2/13/തസ്വഭവ)**

ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയിൽ തീരുമാനമാകാത്ത മൂന്നു പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു തന്നതിനോടൊപ്പം പ്രോജക്ടുകളുടെ പകർപ്പും മറ്റു വിശദ വിവരങ്ങളും സമർപ്പിച്ചിട്ടില്ലാത്തതിനാൽ അടുത്ത ആഴ്ചയിലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പായി അവ അടിയന്തിരമായി സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.2252/ഡി.എ 2/13/തസ്വഭവ)**

ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള ചെലവിനായി നിശ്ചയിച്ചിരുന്ന 70,000/- രൂപ അപര്യാപ്തമാണെന്നറിയിച്ചതിനാൽ പഞ്ചായത്തിലെ ഉയർന്ന തോതിലുള്ള ജൈവ സമ്പത്തും ഭൂ വിസ്തൃതിയും പരിഗണിച്ച് 140000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ഉഴവൂർ ബ്ലോക്ക് .പഞ്ചായത്ത് (ഫയൽ നം.8019/ഡി.ഡി2/13/തസ്വഭവ)**

2012-13 പദ്ധതി വിഹിതത്തിലുണ്ടായ ഷോർട്ട്ഫാൾ പുനഃക്രമീകരിക്കണമെന്ന ആവശ്യത്തിന്മേൽ ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന് അയക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പുലിയൂർ ഗ്രാമ.പഞ്ചായത്ത് (ഫയൽ നം.8795/ഡി.എ2/13/തസ്വഭവ)**

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫർണിച്ചർ നൽകുന്നതിനുള്ള പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം പട്ടികജാതി വികസന വകുപ്പിൽ നിലവിലുള്ള നിരക്കുകൾ അവലംബിച്ച് കസേരയുടെയും മേശയുടെയും യൂണിറ്റ് കോസ്റ്റ് പരിമിതപ്പെടുത്താൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.7708/ഡി.ഡി2/13/തസ്വഭവ)**

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ ഭിന്നശേഷിയുള്ളവർക്ക് ചലനോപകരണം നൽകുന്ന പദ്ധതി സംബന്ധിച്ച് 14.02.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.7991/ഡി.എ2/13/തസ്വഭവ)**

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പട്ടികവർഗ ഉപപദ്ധതിയിൽ ക്യാരിഓവറായി നിലനിൽക്കുന്ന തുക തിരിച്ചടയ്ക്കാൻ അനുമതി നൽകാനും ഇത് പരിഗണിച്ച് 2012-13-ലെ പദ്ധതി അംഗീകാരത്തിന് ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് നിർദ്ദേശം നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കരുണാപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം.72928/ഡി.എ 2/13/തസ്വഭവ)**

പട്ടികജാതി വനിതകൾക്കായുള്ള കോഴ്സുകൾ നടത്താൻ ഗ്രാമപഞ്ചായത്ത് ഏൽപ്പിച്ച കേരള സോഷ്യൽ ഡെവലപ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനം അംഗീകാരമുള്ളതാണോ എന്നും, അംഗീകാരമുള്ളതാണെങ്കിൽ ഏത് മന്ത്രാലയത്തിന്റെ/വകുപ്പിന്റെ

അംഗീകാരമാണ് ഉള്ളതെന്നും അറിയിക്കാനും കോഴ്സിന്റെ കാലാവധി തുടങ്ങിയ വിവരങ്ങളും തൊഴിൽ ലഭിച്ചവരുടെ വിവരങ്ങളും സമർപ്പിക്കാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കോഡൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.13533/ഡി.എ 2/13/തസ്വഭവ)**

കോഡൂർ ഗ്രാമപഞ്ചായത്ത് വനിതകൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിച്ച കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് ഇക്കൊല്ലം അനുമതി നൽകി തീരുമാനിച്ചു. മുന്നു മാസം കഴിഞ്ഞ് ഒരു മൂല്യ നിർണ്ണയ റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കൈക്കൊള്ളുന്നതുമായിരിക്കുമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**
**(ഫയൽ നം.5450/ഡി.എ1/13/തസ്വഭവ)**

കുടുംബശ്രീ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച നയപരമായ പ്രശ്നങ്ങൾ അടുത്ത യോഗത്തിൽ വിശദമായി ചർച്ച ചെയ്യാനായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 4.30-ന് സമാപിച്ചു)**